പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനിൽ വാഹനങ്ങൾക്ക് പാർക്ക് ചെയ്യുന്നതിന് സ്ഥലം അകായർ ചെയ്യുന്നതിനുള്ള നടപടി

680 [659] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനിൽ വാഹനങ്ങൾക്ക് പാർക്ക് ചെയ്യുന്നതിന് സ്ഥലം അകായർ ചെയ്യുന്നതിനുള്ള നടപടി നിറുത്തിവയ്ക്കണമെന്ന തിരുവനന്തപുരം ഡി. ഡി. സി. യുടെ പ്രമേയം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അകായിസിഷൻ നിറുത്തിവയ്ക്കാൻ നടപടികളും കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂമി കൈവശപ്പെടുക്കുന്ന നടപടി നിറുത്തിവയ്ക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കളക്ടറുടെ റിപ്പോർട്ട് കിട്ടിയശേഷം അന്തിമ തീരുമാനമെടുക്കുന്നതാണ്.

ബാംബൂ കോർപ്പറേഷന്റെ ഈറ വിതരണം

681 [666] ശ്രീ. എം. വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷന്റെ തിരുവനന്തപുരം ജില്ലയിലുള്ള ഡിപ്പോകളിൽ ഈറ ക്രമമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ വിതരണം ചെയ്യുന്ന ഈറ ഗുണനിലവാരം വളരെ കുറഞ്ഞതും അവയ്ക്ക് വില വളരെ കൂടുതലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈറയുടെ വിലകുറയ്ക്കാനും നല്ലയിനം ഈറ നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ മൂന്നു രൂപ മാത്രം ദിവസക്കൂലി നൽകി ഡിപ്പോകളിൽ നിർത്തിയിരിക്കുന്നവരെ സ്ഥിരപ്പെടുത്തി അവർക്ക് ന്യായമായ കൂലി നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) ദിവസക്കൂലി മൂന്നു രൂപയായി നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) ബാംബൂ കോർപ്പറേഷൻ ഡിപ്പോകളിലല്ലാതെ സ്വസ്ഥാനത്തു വേറെ ഏതെങ്കിലും കോർപ്പറേഷനിലോ ബോർഡിലോ ദിവസം മൂന്നു രൂപയ്ക്ക് ജോലി ചെയ്യുന്ന തൊഴിലാളികളുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) ദിവസക്കൂലി മിനിമം 10 രൂപയെങ്കിലുമായി ഉയർത്താൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly